## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 421** 09.02. 2016 ൽ മറുപടിക്ക്

### ലാഭപ്രഭ പദ്ധതി

**ചോദ്യം**

ശ്രീ. വർക്കല കഹാർ
" അൻവർ സാദത്ത്
" സി.പി.മുഹമ്മദ്
" ടി.എൻ.പ്രതാപൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ലാഭപ്രഭ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 2013 മാർച്ച് 23 -ന് തുടക്കം കുറിച്ച ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2014 ലും തുടർന്നു. ലാഭപ്രഭ പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ലാഭപ്രഭ പദ്ധതിയുടെ ഭാഗമായി കേരളത്തിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട തീയറ്ററുകളിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജസംരക്ഷണ പരസ്യങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി, പത്രങ്ങളിൽകൂടി നൽകുന്ന എല്ലാ ടെൻഡർ പരസ്യങ്ങളിലും മറ്റു സ്റ്റാറ്റ്യൂട്ടറി നോട്ടീസുകളിലും വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.<br>കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ |

| | |
|---|---|
| | സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, എൻ.എസ്.എസ്, എൻ.സി.സി, പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരമാവധി സ്കൂളുകളെ ഈ പദ്ധതിയിൽ പങ്കെടുപ്പിക്കാനും വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കാനും ഈ പദ്ധതി വിജയിപ്പിക്കാനും, സി.എഫ്.എൽ ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്ട് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ലാഭപ്രഭ 2013 (സീസൺ-1) പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി എഫ് എൽ സൗജന്യമായി നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് അനർട്ടിൽനിന്നും വാങ്ങിയ സൗരോർജ്ജ റാന്തലുകൾ അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ലാഭപ്രഭ 2014 (സീസൺ-2) പദ്ധതിയിൽ 193215 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി എഫ് എൽ വീതം അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് ഗണ്യമായി ഊർജ്ജലാഭം വരുത്തിയ എട്ട് സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന 5 കി.വാട്ട് സൗരോർജ്ജ പ്ലാന്റ് നൽകുവാനും പങ്കെടുത്ത എല്ലാ സ്കൂളുകളിലെയും ലാഭപ്രഭ കോ-ഓഡിനേറ്റർമാരായ അദ്ധ്യാപകർക്കും പങ്കെടുത്ത ബാക്കി 9 സ്കൂളുകൾക്കും ഓരോ സൗരോർജ്ജ റാന്തൽ വീതം അതാത് ഇലക്ട്രിക്കൽ സർക്കിളുകൾ വഴി നൽകുവാനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ